# അൽഹഖ്

പു:1, ലം:2   1413 റജബ്-ശഅബാൻ 1372 സുൽഹ് 1993 ജനവരി.   വാർത്താപത്രിക

# നമസ്കാരം ജീവൽപ്രധാനം

**ഹ. അമീറുൽ മുഅ്മിനീൻ**

"നമസ്കാരം എല്ലാ ആരാധനകളുടെയും ജീവനാണ്. മനുഷ്യ ജീവിതത്തിന്റെ ലക്ഷ്യം നമസ്കാരമാണ്. നമസ്കാരത്തിൽ നിന്നു തന്നെ അതു കരഗതമാകുന്നു. നമസ്കാരത്തിലാണ് സർവ വിജയങ്ങളുടെയും താക്കോലുകൾ. മനുഷ്യൻ നമസ്കാരത്തിൽ പുരോഗതി പ്രാപിക്കുന്നതിന്നനുസരിച്ച് അവർക്ക് വിജയത്തിൻെറ താക്കോലുകൾ അല്ലാഹുവിൽ നിന്ന് ലഭിച്ചുകൊണ്ടേയിരിക്കുന്നു. ഞാൻ ഇവിടെ താക്കോൽ എന്നു പറയാതെ താക്കോലുകൾ എന്നു പറഞ്ഞിട്ടുള്ളതു മന:പൂർവമാണ്. എന്തെന്നാൽ നമസ്കാരത്തിലെ അവസ്ഥകൾ മാറുന്നതിന്നനുസരിച്ച് പുതിയ ജ്ഞാനങ്ങളും വിഷയങ്ങളും അല്ലാഹു തുറന്നു കൊടുക്കുന്നു എന്നത് എൻെറ അനുഭവമാണ്. ................. നമസ്കാരം എന്ന ദിക്റെ ഇലാഹി ഇല്ലെങ്കിൽ മനുഷ്യൻെറ ആത്മീയ ജീവിതത്തെ നിലനിർത്താൻ സാധ്യമേയല്ല.

..... ഞാൻ ഇന്നാളുകളെക്കുറിച്ചല്ല ഇനി വരാൻ പോകുന്ന ദിവസങ്ങളെക്കുറിച്ചാണു പറയുന്നത്. ഇന്നു നമസ്കാരം നിലനിർത്തുന്നവരുടെ സന്തതികൾ നമസ്കാരം നിലനിർത്തുന്നവരല്ലെങ്കിൽ അഥവാ നമസ്കാരം നിലനിർത്തുന്നവരായി കാണപ്പെടുന്നില്ലെങ്കിൽ അഹ്മദിയ്യത്തിന്റെ ഭാവിയെക്കുറിച്ച് ഒരുറപ്പും നൽകാൻ സാധ്യമല്ല. അതു



വരെ അഹ്മദിയ്യത്തിൻെറ ഭാവിയെക്കുറിച്ചു ശുഭപ്രതീക്ഷ വച്ചുപുലർത്താൻ നമുക്ക് യാതൊരർഹതയുമില്ല. അതുകൊണ്ട് പൊതുവായി പ്രായപൂർത്തിയായ എല്ലാവരോടും - അവർ സ്ത്രീകളാകട്ടെ പുരുഷൻമാരാകട്ടെ - വളരെ വിനീതമായി അപേക്ഷിക്കുകയാണു അവർ തങ്ങളുടെ വീടുകളിൽ തങ്ങളുടെ സന്താനങ്ങളുടെ നമസ്കാരത്തിൻെറ നിലവാരത്തെപ്പറ്റി ചിന്തിക്കുകയും കണക്കെടുക്കുകയും ചെയ്യണം എന്ന്. ഇന്ന് എത്ര നമസ്കരിച്ചു എന്നും, നമസ്കാരത്തിൽ ചൊല്ലുന്നതിന്റെ അർഥം അറിയുന്നുണ്ടോ എന്നും അർഥം അറിയുന്നുണ്ടെങ്കിൽ അതു ശ്രദ്ധിച്ചുകൊണ്ടാണോ ചൊല്ലുന്നത് എന്നും പരിശോധിക്കു [2ൽ]


# എക്സിബിഷൻ അൽ ഖുർആൻ പാലക്കാട്ട് വമ്പിച്ച വിജയം

പാലക്കാട്: അഹ്മദിയ്യാ സുബാഇ കമ്മിററി തീരുമാനമനുസരിച്ച് സംസ്ഥാന തബ്ലീഗ് വകുപ്പിന്റെ ആഭിമുഖ്യത്തിലും ഖുദ്ദാമുൽ അഹ്മദിയ്യയുടെ നേതൃത്വത്തിലും ഡിസം 22 മുതൽ 27വരെ പാലക്കാട്ട് സംഘടിപ്പിച്ച എക്സിബിഷൻ അൽ ഖുർആൻ പരിപാടിയും ബുക്ക്സ്റ്റാളും വൻ വിജയമായി.

എക്സിബിഷൻ കമ്മിററി ചെയർമാൻ എം. അലിക്കോയ സാഹിബ് (എഡിററർ മിനാരത്ത്) സംസ്ഥാന തബ്ലീഗ് സെക്ര. പി.എം. അബ്ദുല്ലാ സാഹിബ്, സംസ്ഥാന ഖാഇദ് പി.പി. ഹസൻകോയ സാഹിബ്, മുഅ്തമിദ് പി.എം. ബഷീർ സാഹിബ് തുടങ്ങിയവർ ഒരാഴ്ച പാലക്കാട്ടു ക്യാമ്പു ചെയ്ത് പരിപാടികൾ നിയന്ത്രിച്ചു. സുബായി

ജൽസാ റിപ്പോർട്ട്
നാലാം പേജിൽ...

അമീർ ഡോ. മൻസൂർ സാഹിബ്, ജന. സെക്ര. എ.പി. കുഞ്ഞാമു സാഹിബ്, സെക്ര. യു. മൻസൂർ സാഹിബ്, പബ്ലി. സെക്ര. പ്രൊഫ. മഹ്മൂദ് സാഹിബ്, തഅ്ലീം സെക്ര. ടി.കെ. മഹ്മൂദ് സാഹിബ്, മൗ. അബ്ദുൽ വഹാബ് സാഹിബ് എന്നിവരും പാലക്കാട്ടെത്തി ഉപദേശനിർദേശങ്ങൾ നൽകി [ 3ൽ ]



1372 സുൽഹ്, 1993 ജനുവരി

അൽഹഖിന് അഭിനന്ദനങ്ങളും ആശംസകളും അറിയിച്ച എല്ലാ അഭ്യുദയകാംക്ഷികൾക്കും അകമഴിഞ്ഞ നന്ദി.

—എഡിറ്റർ

### പ്രാദേശിക ഡയറി 1992 ഡിസംബർ

4: അൽഹഖിന്റെ ഔപചാരികമായ പ്രകാശനം കൊടുങ്ങല്ലൂർ സലീം സാഹിബ് നിർവഹിച്ചു. ഷിമോഗയിലെ ഒരു സഹോദരി ബൈഅത്ത് ചെയ്തു. 13-ാം തി. മേഖലാ യോഗത്തിൽ (മണ്ണാർക്കാട്ട്) ബോർഡ് II-സുലൈമാൻ സംബന്ധിച്ചു. 18ന് മജ്‌ലിസിന്റെ യോഗം സംഘടിപ്പിച്ചു. 22-27: പാലക്കാട്ട് നടന്ന എക്സിബിഷൻ-ബുക്ക്സ്റ്റാൾ പരിപാടിയിൽ വാളണ്ടിയർ ആയി [illegible] പങ്കെടുത്തു. 25ന് മൗലവി മുഹമ്മദ് അബുൽ വഫാ സാഹിബ് ജമാഅത്തു സന്ദർശിച്ചു ഖുതുബ നിർവഹിച്ചു.



പാലക്കാട് മേഖലാ ക്യാമ്പിൽ പ്രസംഗമത്സരത്തിൽ ഒന്നാം സമ്മാനവും പ്രബന്ധരചനയിലും ക്വിസ്സിലും രണ്ടാം സമ്മാനവും നേടിയ **എസ്. നാസിർ അഹ്മദ്**. ഡിഗ്രി വിദ്യാർഥിയായ ഇദ്ദേഹം മണ്ണാർക്കാട് ഖുദ്ദാമും സംസ്ഥാന തജ്നീദ് സെക്രട്ടറിയുമാണ്.

# നമസ്കാരം നിലനിർത്താൻ നിരന്തരം പ്രയത്നിക്കുക.

(ഖുത്വുബ തുടർച്ച)

അതുപോലെ അവർ ഭൗതികകാര്യങ്ങളിലേക്ക് പോകുന്നതിനു വേണ്ടി വളരെ ധൃതിയിലാണോ നമസ്കരിക്കുന്നത് എന്നും നോക്കുക. സത്യസന്ധമായി കണക്കെടുക്കുക. അങ്ങിനെ സത്യസന്ധമായി കണക്കെടുക്കുകയാണെങ്കിൽ നിങ്ങൾക്ക് ലഭിക്കുന്ന കണക്ക് നിങ്ങളുടെ ഹൃദയങ്ങളെ അസ്വസ്ഥമാക്കുന്നതായിരിക്കും എന്നോർക്കുമ്പോൾ ഭയം തോന്നുന്നു. ....... നമ്മുടെ ഭാവികാലമുറയെ നശിപ്പിച്ചുകളയുന്ന ഈ മാരക രോഗത്തെ കുറിച്ച് നിങ്ങളെ തട്ടിയുണർത്താനും നിങ്ങളിൽ ചലനങ്ങളുണ്ടാക്കാനും ഇന്നത്തെ ഖുത്വുബയിൽ ഇക്കാര്യത്തെ കുറിച്ചു പറയേണ്ടത് നിർബന്ധമായി ഞാൻ കണക്കാക്കുന്നു. ........ ലോകത്ത് എവിടെയെല്ലാം ജമാഅത്തുകളുണ്ടോ അവിടെയെല്ലാം ഇന്നേക്ക് ശേഷമുള്ള മുഴുവൻ വർഷവും നമസ്കാരം നിലനിർത്താനുള്ള ശ്രമത്തിൽ സമയം ചിലവഴിക്കേണ്ടിയിരിക്കുന്നു.

....... ഏതെങ്കിലും വിധത്തിൽ സ്വാധീനിക്കാവുന്നവരുണ്ടെങ്കിൽ അയാൾ അവരുടെ നമസ്കാരത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എല്ലാ പിതാക്കൻമാരും തങ്ങളുടെ ഭാര്യാമക്കളുടെ നമസ്കാരത്തിൽ ശ്രദ്ധിക്കണം. ഹസ്രത്ത് ഇസ്മായിൽ (അ) തന്റെ ഭാര്യയോടും മക്കളോടും നമസ്കാരത്തെക്കുറിച്ച് നിരന്തരം ഉപദേശിക്കാറുണ്ടായിരുന്നു എന്ന് വിശുദ്ധ ഖുർആനിൽ നിന്നു മനസ്സിലാകുന്നു. (19:56)... ........ ആ ഇസ്മായിലി സ്വഭാവം നിങ്ങളിൽ ഉണ്ടാക്കിത്തീർക്കുക. നിങ്ങളുടെ ഭാര്യമാരുടെയും ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും നമസ്കാരം ശ്രദ്ധിക്കുക. ഈ പ്രവൃത്തി ബാല്യം മുതൽ തുടങ്ങുന്നില്ലെങ്കിൽ വേണ്ടത്ര ഫലപ്രദമാവുകയില്ല. നിങ്ങൾ പ്രതീക്ഷിക്കുന്ന രൂപത്തിൽ നിങ്ങളുടെ പരിശ്രമങ്ങൾക്കു ഫലം ലഭിക്കുകയുമില്ല.

## ദുആ പ്രധാനം

നബിമാരുടെ ചരിത്രത്തിൽ നിന്ന് അവർ തങ്ങളുടെ എത്രയോ കാലശേഷം വരാനിരിക്കുന്ന സന്താനങ്ങൾക്ക് വേണ്ടി പോലും ദുആ ചെയ്യാറുണ്ടായിരുന്നു എന്നു മനസ്സിലാകുന്നു. ....തങ്ങളുടെ സന്താനങ്ങളുടെ ശിക്ഷണത്തിനുവേണ്ടി പരിശ്രമിക്കുന്നവർ ദുആ ചെയ്യുന്നില്ലെങ്കിൽ ആ പരിശ്രമങ്ങൾ ഫലപ്രദമാവുകയില്ല.... അധ്യാപനം നൽകുന്ന ആൾക്ക് ദുആ ചെയ്യുന്ന സ്വഭാവമില്ലെങ്കിൽ ദുആ ഇല്ലാത്ത ഉപദേശമാണ് നൽകുന്നതെങ്കിൽ അവന്റെ ഉപദേശത്തിന് ജീവനോ ചൈതന്യമോ ഉണ്ടാവുകയില്ല....... അഹ്മദിയ്യാ ജമാഅത്ത് ഈ ലോകത്തുള്ള അവസാനത്തെ മാതൃകയാണ്, അതായത് ഹ. മുഹമ്മദ് മുസ്തഫാ(സ)യുടെ മാതൃകയുടെ പുനർജീവനവുമാണ്. ഈ മാതൃക അഹ്മദിയ്യാ ജമാഅത്തിൽ ജീവിച്ചു നിൽക്കുന്നില്ലെങ്കിൽ മുഴുലോകവും എന്നെന്നേക്കുമായി മൃതിയടഞ്ഞുപോകും. അതുകൊണ്ട് ഞാൻ ഹസ്രത്ത് മസീഹ് മൗഊദ് (അ) ന്റെ വാക്കുകളിൽ നിങ്ങളോട് പറയുകയാണ്. പ്രപഞ്ചനാഥന്റെ ദൃഷ്ടി പതിഞ്ഞുകൊണ്ടിരിക്കുന്ന ആ അവസാനത്തെ ജമാഅത്താണ് നിങ്ങൾ. മുഴുലോകത്തിന്റെയും ജീവിതം ഇതിൽ ബന്ധപ്പെട്ടുപോയിരിക്കുകയാണ്. ഈ മഹത്തായ പ്രവൃത്തി ദുആയുടെ സഹായത്തോടെയല്ലാതെ സാധ്യമല്ല. അല്ലാഹുവിനെ ആരാധിച്ചുകൊണ്ടിരിക്കുന്ന ഒരു തലമുറ

ഒയ നിങ്ങൾ നിങ്ങൾക്കു പിന്നിൽ അവശേഷിപ്പിക്കുന്നില്ലെങ്കിൽ ഈ മഹത്തായ പ്രവൃത്തി സാധ്യമാവുകയേ ഇല്ല. നിങ്ങളുടെ സന്തതികളെ കാണുമ്പോൾ അല്ലാഹുവിന്റെ മാർഗത്തിൽ ആരാധന ചെയ്യുന്ന സന്തതികളെ വിട്ടുകൊണ്ടാണ് ഞങ്ങൾ മൃതിയടയുന്നതെന്ന സംതൃപ്തിയും സമാധാനവും പ്രദാനം ചെയ്യുന്ന അവസ്ഥയിലല്ലാതെ നിങ്ങൾ മരിക്കാനിടയാകരുത്. എതുവരെ നിങ്ങൾ അവരിൽ തഖ്‌വ കാണുന്നില്ലയോ അതുവരെ നിങ്ങളുടെ ജീവിതം നിരർഥകമാണ്. നിങ്ങളുടെ മരണവും നിരർഥകമാണ്. അതുകൊണ്ട് ഈ കാര്യത്തിലേക്ക് വളരെ ആഴത്തിൽ ശ്രദ്ധ ചെലുത്തുക. എങ്ങനെയാണ് നിങ്ങൾ സ്വസ്ഥരായിരിക്കുന്നത്? നിങ്ങളെപ്പോലും അസ്വസ്ഥരാവുക........

അതുകൊണ്ട് നിങ്ങളുടെ സന്താനങ്ങളെ നമസ്കാരത്തിലേക്ക് ശ്രദ്ധിപ്പിക്കുകയും പടിപടിയായി മുന്നോട്ട് ഗമിക്കുകയും ചെയ്യുക. അവരിൽ നിന്ന് നമസ്കാരം കേൾക്കുക. അവർക്ക് ശരിക്ക് നമസ്കാരം അറിയില്ലെങ്കിൽ അവരെ പഠിപ്പിക്കാൻ തുടങ്ങുക. അപ്പോൾ ചിലർക്ക് അവനവൻ തന്നെ നമസ്കാരം ശരിക്കറിയില്ലെന്ന് മനസ്സിലാക്കാൻ സാധിക്കും. അർഥം പഠിപ്പിക്കാൻ തുടങ്ങുമ്പോൾ അർഥം അറിയാത്തവരും ഉണ്ടായ്‌വരും. നിങ്ങൾ ഹൃദയപൂർവം നമസ്കരിക്കുവിൻ എന്നുപദേശിക്കുമ്പോൾ താൻ ഹൃദയപൂർവമാണോ നമസ്കരിക്കുന്നതെന്ന് ചിലർക്കറിയാൻ കഴിയും. അപ്പോൾ ഈ ശിക്ഷണം ഇരുഭാഗത്തേക്കുമുള്ളതായിത്തീരും. നിങ്ങൾ നിങ്ങളുടെ സന്താനങ്ങൾക്ക് ജീവജലം നൽകിക്കൊണ്ടിരിക്കുമ്പോൾ തന്നെ അവർ നിങ്ങൾക്കും ജീവജലം പ്രദാനം ചെയ്തുകൊണ്ടിരിക്കും.

(ജുമുഅ ഖുത്വുബ 22.7.1988)
വിവ: മൗലവി T.M. മുഹമ്മദ് സാഹിബ്

# എക്സിബിഷൻ അൽഖുർആൻ

(ഒന്നാം പേജ് തുടർച്ച) മുജാഹിദ് സംസ്ഥാന സമ്മേളനത്തെ മുന്നിൽ കണ്ടുകൊണ്ട് ഒരുക്കിയ എക്സിബിഷനും ബുക്ക്സ്റ്റാളും തികച്ചും ഫലപ്രദമായി. മുജാഹിദ് പ്രവർത്തകരായ ആയിരക്കണക്കിലാളുകൾ പ്രദർശനം കാണാനെത്തുകയും പുസ്തകങ്ങൾ വാങ്ങിക്കൊണ്ടുപോവുകയും ചെയ്തു. പ്രപഞ്ചോല്പത്തി സൃഷ്ടിയുടെ ആരംഭം, വികാസ പരിണാമങ്ങൾ, തിരുനബിയുടെ അവതാരം, ആധുനിക സംഭവ വികാസങ്ങൾ, ദജ്ജാൽ, യഅ്ജൂജ് മഅ്ജൂജ്, മഹ്ദി മസീഹിന്റെ ആവിർഭാവം തുടങ്ങിയ വിഷയങ്ങൾ അതിസമർഥമായി അനാവരണം ചെയ്യുന്ന ഖുർആൻ ഹദീസു വചനങ്ങൾ ഉല്ലേഖനം ചെയ്ത ബഹുവർണ ബോർഡുകൾ കാണികളെ ഖുർആനിക ജ്ഞാനത്തിന്റെ ഉന്നതികളിലേക്ക് നയിച്ചു.

അതോടൊപ്പം പ്രദർശിപ്പിക്കപ്പെട്ട, വിവിധ ലോകഭാഷകളിൽ അഹ്മദിയ്യാ ജമാഅത്ത് പ്രസിദ്ധീകരിച്ച, അറബിമൂലത്തോടെയുള്ള ഖുർആൻ വിവർത്തനങ്ങളും, തിരഞ്ഞെടുക്കപ്പെട്ട ഖുർആൻ ഹദീസു വചനങ്ങളുടെയും വാഗ്ദത്ത മസീഹിന്റെ ലിഖിതങ്ങളുടെയും നൂറിൽപരം ഭാഷകളിലുള്ള വിവർത്തനങ്ങളും അഹ്മദിയ്യാ ഖിലാഫത്തിന്റെ അതിമഹത്തായ അനുഗ്രഹ ദൃഷ്ടാന്തമായി തിളങ്ങി. വിവിധ രാജ്യങ്ങളിലെ അഹ്മദിയ്യാ പള്ളികളുടെയും, മിഷനറി പ്രവർത്തനങ്ങളുടെയും മൂന്നും നാലും ഖലീഫമാരുടെ വിദേശപര്യടനങ്ങളുടെയും വർണചിത്രങ്ങൾ കാണികളുടെ സവിശേഷ ശ്രദ്ധ പിടിച്ചുപറ്റി. അധികപേരും അഹ്മദിയ്യാ പ്രവർത്തനങ്ങളെ പ്രശംസിച്ചുകൊണ്ടുള്ള അഭിപ്രായങ്ങൾ രേഖപ്പെടുത്തി.

അയോധ്യാ പ്രശ്നത്തെതുടർന്ന് നിരോധനാജ്ഞ നിലനിൽക്കുന്ന നഗരമധ്യത്തിലാണ് ശാന്തഗംഭീരമായ ഈ പ്രവർത്തനം നടത്താൻ കഴിഞ്ഞതെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. അദൃശ്യമായ ദിവ്യഹസ്തങ്ങൾ സഹായവും സംരക്ഷണവും നൽകിയ അപൂർവാനുഭവങ്ങളും ഇവിടെ ഉണ്ടായി.

കോഴിക്കോട്, പഴയങ്ങാടി, കൊടിയത്തൂർ, കൺകരം, തിരൂർ, വാണിയമ്പലം, തലശ്ശേരി, മണ്ണാർക്കാട്, കാവശ്ശേരി, കുറിയമെന്റി, പാലക്കാട്, ചൂരത്തറ, ആലപ്പുഴ, പള്ളുരുത്തി, പള്ളിപ്പുറം, മാള, കൊച്ചി, മൂവാറ്റുപുഴ, കോയമ്പത്തൂർ, ചേലക്കര ജമാഅത്തുകളിലെ ഖുദ്ദാം, അൻസാർ വോളണ്ടിയർമാർ നിസ്വാർഥമായി സേവനം കാഴ്ചവച്ചു.

മൗ. അലവി സാഹിബ്, മൗ. യൂസുഫ് സാഹിബ്, ആലിക്കോയ സാഹിബ്, കെ.എം. സലീം സാഹിബ്, ലത്തീഫ് സാഹിബ്, അബ്ദുല്ലാഹ് മാസ്റ്റർ, ഇ. അബ്ദുറഹ്മാൻ സാഹിബ്, മുനീർ സാഹിബ് തുടങ്ങിയവർ സത്യാന്വേഷികരുമായി സംസാരിച്ചു.

ഇരുപതിനായിരത്തിൽപരം രൂപയുടെ പുസ്തകങ്ങൾ, ഖുർആൻ പരിഭാഷയടക്കം, പുസ്തകശാലയിൽ നിന്ന് വിൽപനയും നടന്നു. ചി.പ്രകി

# ആശുപത്രി: പണിതുടങ്ങി

ഭീമനാട്: 12.12.92. ഹസ്രത്ത് ഖലീഫത്തുൽ മസീഹ് IV തിരുമനസ്സിലെ നിർദേശാനുസരണം ആരംഭിക്കുന്ന അഹ്മദിയ്യാ ആശുപത്രി ഇവിടെ നിർമാണം തുടങ്ങി. തൽ സംബന്ധമായ പ്രവർത്തനങ്ങൾക്കായി സൂബായി അമീർ ഡോ. മൻസൂർ അഹ്മദ് സാഹിബും, ഖിദ്മത്തെ ഖൽഖ് സെക്രട്ടറി ഖ്വാജാ ജലീൽ സാഹിബും ഭീമനാട്ട് സന്ദർശിക്കുകയുണ്ടായി.

# പ്രകാശനം ചെയ്തു

കാവശ്ശേരി: 4-12-92. അൽഹഖ് വർത്താപത്രികയുടെ ഔപചാരികമായ പ്രകാശനം കൊടുങ്ങല്ലൂർ സലീം സാഹിബ് നിർവഹിച്ചു. മൗ. പി.എം. മുഹമ്മദ് സാഹിബ് അധ്യക്ഷത വഹിച്ചു. ഗനി സാഹിബ് പ്രസംഗിച്ചു. സി.പി. താഹിർ, അസ്റത്ത്, ഹഫ്സ എന്നീ കുട്ടികൾ പദ്യം ചൊല്ലി. ഖാളി H. സുലൈമാൻ (പ്രസിഡന്റ്) സ്വാഗതവും പി.കെ. സുലൈമാൻ നന്ദിയും പറഞ്ഞു.

AL HAQ NEWS BULLETIN 93 JAN



# മാനവീകത മങ്ങാതെ സൂക്ഷിക്കുക

ഖാദിയാൻ: മാനവീകതയുടെ സന്ദേശമാണ് ഇസ്‌ലാം നൽകുന്നതെന്നും അത് മങ്ങാതെ സൂക്ഷിക്കണമെന്നും ദാറുൽ അമാനിൽ 101-ാം ജൽസാ സാലാനയിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്തുകൊണ്ട് ഹസ്രത്ത് ഖലീഫത്തുൽ മസീഹ് ഉദ്ബോധിപ്പിച്ചു. ലണ്ടനിൽ നിന്ന് മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ മുഖേനയാണ് ഹുസൂർ പ്രഭാഷണം നടത്തിയത്.

ഡിസംബർ 26ന് രാവിലെ 10 മണിക്ക് ഹുസൂർ തിരുമനസ്സിലെ പ്രതിനിധി ചൗ: ഹമീദുല്ലാഹ് സാഹിബ് ഇസ്‌ലാമിന്റെ ശാന്തിപതാക ഉയർത്തിയതോടെയാണ് ജൽസ ആരംഭിച്ചത്. അഹ്മദിയ്യാ അഖിലേന്ത്യാ അധ്യക്ഷൻ ഹ. മിർസാ വസീം അഹ്മദ് സാഹിബ് അധ്യക്ഷത വഹിച്ചു.

മൂന്നു ദിവസങ്ങളിലായി സാഹിബ്സാദ മുഹമ്മദ് അലാവുദ്ദീൻ സാഹിബ് (അമീർ, ആന്ധ്രപ്രദേശ്) മൗ. ഹക്കീം മുഹമ്മദുദ്ദീൻ (സദർ, അൻസാറുല്ലാ ഭാരത്) മീർ മുഹമ്മദ് സാഹിബ് (പ്രിൻസിപ്പാൾ, അഹ്മദിയ്യാ ഇന്റർനാഷണൽ യൂണിവേഴ്സിറ്റി റബ്‌വ) സയ്യിദ് ഹസൻ അഹ്മദ് സാഹിബ് (അമീർ ബീഹാർ) മൗ. മുഹമ്മദ് കരീമുദ്ദീൻ സാഹിബ് (H.M. മദ്റസ ഖാദിയാൻ) മൗ. മുഹമ്മദ് ഉമർ സാഹിബ് (ചീഫ് മുബല്ലിഗ് കേരള) മൗ. സുൽത്താൻ അഹ്മദ് സാഹിബ് (ചീഫ് മുബ. ആന്ധ്ര) മൗ. മുബശ്ശിർ അഹ്മദ് സാഹിബ്, കണ്ണൂർ, മൗ. മുനീർ അഹ്മദ് സാഹിബ് ഖാദിം (എഡിറ്റർ ബദ്ർ) മൗ. ഹമീദുദ്ദീൻ ശംസ് സാഹിബ് (ചീഫ് മുബ. ബംഗാൾ) തുടങ്ങിയവർ പ്രസംഗിച്ചു. ഇടയ്ക്ക് ബാബരി മസ്ജിദിന്റെ തകർച്ചയെ തുടർന്നുണ്ടായ സ്ഥിതിഗതികളിൽ ഉത്കണ്ഠ രേഖപ്പെടുത്തിയ ശേഷം സർദാർ അഷ്റഫ് സിംഗ് അഹ്മദിയ്യത്തി ന്റെ സത്യപ്പെടുത്തിക്കൊണ്ട് സംസാരിച്ചു. പതിനായിരത്തോളം പേർ വിവിധ രാജ്യങ്ങളിൽ നിന്നായി പങ്കെടുത്തു. പ്രസംഗങ്ങളുടെ മലയാളം പരിഭാഷ കേൾപ്പിക്കാനും സംവിധാനമുണ്ടായിരുന്നു. കേരളത്തിൽ നിന്ന് ഏകദേശം 200 പേർ പങ്കെടുത്തു.



# മുഹമ്മദ് ആരിഫ് സാഹിബ് അഖിലേന്ത്യാ സദർ

ഖാദിയാൻ: മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യയുടെ അഖിലേന്ത്യാ സദർ ആയി ചൗധരി മുഹമ്മദ് ആരിഫ് സാഹിബിനെ അംഗീകരിച്ചുകൊണ്ട് ഖലീഫാ തിരുമനസ്സ് ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു. മുമ്പ് നാഇബ് സദർ ആയി സേവനമനുഷ്ഠിച്ചിട്ടുണ്ട്. വഖ്ഫെ ജദീദ് ഇൻസ്പെക്ടറായി തെന്നിന്ത്യയിലും അനേകം തവണ കേരള സന്ദർശിച്ചിട്ടുള്ള ഇദ്ദേഹം മലയാളി സെക്ഷൻ ഇൻചാർജ്ജ് ആയും പ്രവർത്തിച്ചിട്ടുണ്ട്. മലയാള ഭാഷ വശമാക്കിയിട്ടുണ്ടായിരുന്നുവെന്നതും പ്രസ്താവ്യമാണ്.

# പാലക്കാട് മേഖലാ പരിപാടികൾ

കാവശ്ശേരി: 13.12.92ന് മണ്ണാർക്കാട്ട് ചേർന്ന മേഖലാ യോഗം താഴെ പറയുന്ന തീരുമാനങ്ങളെടുത്തു: തബ്‌ലീഗ് ജനുവരി മാസം 3ന് മണ്ണാർക്കാട്, 17 മേലാർകോട്, 31 പാലക്കാട്, ഫെബ്രുവരി 14 പുതുനഗരം, മാർച്ച് 28 കോട്ടോപാടം, ഏപ്രിൽ 11 കോയമ്പത്തൂർ, 25 മണ്ണാർക്കാട്, മെയ് 9 മേലാർകോട്, 23 പാലക്കാട്, ജൂൺ 6 പുതുനഗരം, 20 കോട്ടോപാടം, ജൂലായ് 4 കോയമ്പത്തൂർ, 18 മണ്ണാർക്കാട്, ആഗ. 1 മേലാർകോട്, 15 പാലക്കാട്, 29 പുതുനഗരം, സെപ്റ്റ. 12 കോട്ടോപാടം, 26 കോയമ്പത്തൂർ, ഒക്ടോ. 3 മണ്ണാർക്കാട്, 17 മേലാർകോട്, 31 പാലക്കാട്. തർബിയത്ത് ക്ലാസ് മെയ് 2 മണ്ണാർക്കാട്ട് പള്ളി. അത്ഫാലിനും ഖുദ്ദാമിനും വെവ്വേറെ മത്സരങ്ങൾ ഉണ്ടായിരിക്കും. മത്സരങ്ങൾ: തിലാവത്ത്, ബാങ്കുവിളി, പദ്യം, പ്രസംഗം. ഖുദ്ദാമിന് പ്രബന്ധരചനയും, അല്ലാമ മത്സരവും കൂടി ഉണ്ടായിരിക്കും. ക്വിസ് പൊതു മത്സരമായി നടത്തും. വഖാറെ അമൽ: ഫെബ്രു: 7 പാലക്കാട് ജില്ലാ ആശുപത്രി പരിസരം ശുചീകരണം.

# മണ്ണാർക്കാട്ട് തബ്‌ലീഗ് നടത്തി

മണ്ണാർക്കാട്: 3-1-93ന് മണ്ണാർക്കാട്ട് മേഖലാ തബ്‌ലീഗ് വിജയകരമായി നടന്നു. മണ്ണാർക്കാട്, പാലക്കാട്, മേലാർകോട്, കാവശ്ശേരി ജമാഅത്തുകളിൽ നിന്നായി 14 പേർ പങ്കെടുത്തു. മണ്ണാർക്കാട് ഖാഇദ് ടി. നാസിർ സാഹിബിന്റെയും മുസ്‌ലിം സിദ്ദീഖ് സാഹിബിന്റെയും നേതൃത്വത്തിൽ 2 ബാച്ചായാണ് തബ്‌ലീഗ് നടത്തിയത്. 365 രൂപയുടെ പുസ്തകം വിൽപന നടത്തി. 500 പേർക്ക് സന്ദേശമെത്തിച്ചു. — മുനവ്വർ അഹ്മദ്

# ബൈഅത്ത് ചെയ്തു

കാവശ്ശേരി: 4-12-92 ഇവിടെ നിന്ന് 11 കിലോമീറ്റർ അകലെയുള്ള കനിക്കോട് ... യിലെ മുഹമ്മദ് ഗനി സാഹിബിന്റെ ഭാര്യ എ. ഷംസാൻ സാഹിബ ബൈഅത്ത് ചെയ്തു. മകൻ മുഹമ്മദ് സാഹിബ് നേരത്തെ വാക്കുകൾ ചൊല്ലിക്കൊടുത്തു. ഗനി സാഹിബ് രണ്ടുവർഷം മുമ്പാണ് ബൈഅത്ത് ചെയ്തത്. ഇവരുടെ നിവേദനം എ. അബ്ദുസ്സമീഹ് സാഹിബ് കഴിഞ്ഞ 100-ാം വാർഷിക ജൽസാവേളയിൽ ഹുസൂറിന്റെ തിരുകരങ്ങളിൽ ബൈഅത്ത് ചെയ്യുകയുണ്ടായി.

# സത്യദൂതൻ

കണ്ണൂർ: വിലക്കയറ്റത്തെ തുടർന്ന് സത്യദൂതൻ മാസികയുടെ വരിസംഖ്യ ജനുവരി മുതൽ 40 രൂപയായി വർധിപ്പിച്ചതായി മാനേജർ അറിയിച്ചു.

Published by Majlis Khuddamul Ahmadiyya, Kavasseri-PO, Palakkad Dt.